നം.എം.4/41384/2018/ഡി.പി.ഐ 5932

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം. തീയതി: 27.07.2018

## സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - ലയൺസ് ക്ലബ്ബ് ഇന്റർ നാഷണൽ "സൈറ്റ് ഫോർ കിഡ്സ്" പ്രോഗ്രാം സ്കൂളുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നത് - സംബന്ധിച്ച്:-

സൂചന : 20.07.2018-ലെ എം.1/142/2018/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

*****

കുട്ടികളുമായി അടുത്തിടപഴകുന്ന അദ്ധ്യാപകരുടെ കൂടെ സഹകരണത്തോടെ കാഴ്ചവൈകല്യം നേരിടുന്ന കുട്ടികളെ തിരിച്ചറിയുന്നതിനും അത്തരക്കാർക്ക് ആവശ്യമായ ചികിത്സയും കണ്ണടകൾ അടക്കമുള്ള പരിഹാരമാർഗ്ഗങ്ങളും സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്ന വിധത്തിലുള്ള "സൈറ്റ് ഫോർ കിഡ്സ് പ്രോഗ്രാം" സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള ലയൺസ് ക്ലബ്ബ് ഇന്റർനാഷണലിന്റെ അപേക്ഷ വിശദമായി പരിശോധിച്ചു. 2017-18 വർഷം കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ നടപ്പിലാക്കിയ പദ്ധതി നിരവധി വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെട്ടതായി മനസിലാക്കുന്നു.

ആയതിനാൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ഈ വർഷം പ്രസ്തുത പദ്ധതി സംസ്ഥാനത്തെ മുഴുവൻ സ്കൂളിലും നടപ്പിലാക്കുവാൻ അനുവാദം നൽകുന്നു.

1. സ്കൂളുകളിലെ ദൈനംദിന അക്കാദമിക/അക്കാദമികേതര പ്രവർത്തനങ്ങൾക്ക് തടസ്സം വരാത്ത വിധത്തിലായിരിക്കണം പരിശീലന പരിപാടികളും ക്യാമ്പുകളും സംഘടിപ്പിക്കുവാൻ.
2. സ്കൂൾ അധികൃതരുടെയും, പി.റ്റി.എ-യുടെയും സാന്നിദ്ധ്യത്തിലും സഹകരണത്തിലും വേണം ക്യാമ്പുകൾ സംഘടിപ്പിക്കുവാൻ.
3. താൽപര്യമുള്ള വിദ്യാർത്ഥികളെ മാത്രം രക്ഷിതാക്കളുടെ സമ്മതത്തോടെ വേണം ക്യാമ്പുകളിൽ പങ്കെടുപ്പിക്കുവാൻ.

ജിമ്മി കെ. ജോസ്
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ
(അക്കാദമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്,

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
2. എല്ലാ ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും.
3. എല്ലാ പ്രഥമാദ്ധ്യാപകർക്കും. (വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)
4. ജില്ലാ ഗവർണർ, ലയൺസ് ക്ലബ്ബ് ഇന്റർനാഷണൽ, ജില്ല-318എ.